## പതിന്നാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 2872 10/05/2017-ൽ മറുപടിക്ക്

### കേന്ദ്ര സംസ്ഥാന ബന്ധങ്ങളും കർഷകരുടെ നിലയും മെച്ചപ്പെടുത്താൻ

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി

**ഉത്തരം**

ശ്രീ. പിണറായി വിജയൻ

ബഹു മുഖ്യമന്ത്രി

| | | | |
|---|---|---|---|
| എ) | കർഷകരുടെ വരുമാനം 2022 - ഓടെ ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ പദ്ധതികളും നിർദ്ദേശങ്ങളും ആരാഞ്ഞ് കേന്ദ്ര സർക്കാർ നൽകിയ കത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പദ്ധതികൾ തയ്യാറാക്കുന്നതിന് മുൻപായി കർഷകരുമായോ കർഷക സംഘടനകളുമായോ മറ്റു വിദഗ്ധരുമായോ കൂടിയാലോചനകൾ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | എ) & ബി) & സി) | കർഷക/കർഷകതൊഴിലാളി വരുമാനം 2022- ാം ആണ്ടോടെ ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട് സമഗ്ര കർമ്മ പദ്ധതി തയ്യാറാക്കി ശുപാർശ സഹിതം കേന്ദ്ര കാർഷിക ഗവേഷണ കൗൺസിലിന് ലഭ്യമാക്കുന്നതിന് കാർഷിക സർവ്വകലാശാലകളിലെയും കൃഷി അനുബന്ധ വകുപ്പുകളിലെയും ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരെയും സ്ഥാപന മേധാവികളെയും ഉൾകൊള്ളിച്ചു കൊണ്ട് ഒരു ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 21.4.2017 ന് പ്രത്യേക യോഗം ചേരുകയുണ്ടായി. കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ, ഡയറക്ടർ സി.എം.എഫ്.ആർ.ഐ., കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ, മറ്റ് ബന്ധപെട്ട ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുകയുണ്ടായി. ചർച്ചയുടെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് നിലവിലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br><br>കൃഷി ചെലവ് പരമാവധി കുറച്ചു് കർഷകന്റെ വരുമാനം വർദ്ധി |
| ബി) | ഈ വിഷയത്തിൽ കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ സ്വീകരിച്ച നടപടികളും കൂടിയാലോചനകളും സംബന്ധിച്ച് ചീഫ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിവരങ്ങൾ ഉണ്ടെങ്കിൽ ലഭ്യമാക്കാമോ; കൃഷിയുമായി ബന്ധപ്പെട്ട സമഗ്ര മേഖലകളിലും ഇതിനെപറ്റി അറിവ് നൽകി പരമാവധി കേന്ദ്ര സഹായം ഈ വിഷയത്തിൽ നേടാൻ എന്തൊക്കെ | | |

| | | | |
|---|---|---|---|
| | ചെയ്യാനുദ്ദേശിക്കുന്നു; | | പ്പിക്കുന്നതിനുതകുന്ന "കാർഷിക യന്ത്രവത്കരണം" (Submission on Agriculture Mechanisation) പദ്ധതിയിലൂടെ കാർഷിക ഉത്പന്നങ്ങളുടെ വെയ്സ്റ്റേജ് പരമാവധി കുറച്ച് "കോൾഡ് ചെയ്ൻ" സംവിധാനത്തിലൂടെ കൂടുതൽ വരുമാനം ഉറപ്പാക്കുന്നത്തിനും (നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി മുഖേന) കാര്യക്ഷമമായ ആധുനിക ജലസേചന സംവിധാനങ്ങൾ - സൂക്ഷമ ജലസേചനം ഏർപ്പെടുത്തി ഉദ്പാദനവും ഉത്പാദനക്ഷമതയും ഉറപ്പാക്കുന്ന സൂക്ഷ്മജലസേചനം (PMKSY Micro Irrigation), ഗുണമേന്മയുള്ള വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിലൂടെ ഉയർന്ന ഉത്പാദനവും ഉത്പാദനക്ഷമതയും കൈവരിക്കുന്നതിനും (Submission on Seeds and Planting material പദ്ധതിയിലൂടെ) പരമാവധി കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| സി) | കേന്ദ്രത്തിൽ നിന്ന് ലഭിച്ച കത്തിന്റെ വിവരം ആസൂത്രണ ബോർഡുമായി ചർച്ച ചെയ്തോ; ഈ വിഷയത്തിൽ ആസൂത്രണ ബോർഡ് നിലപാടെന്താണ്; അടിയന്തിര പ്രാധാന്യമുള്ള ഇത്തരം വിഷയങ്ങൾ അതീവ ഗൗരവത്തോടെ സമയബന്ധിതമായി കൈകാര്യം ചെയ്യാനും ഉന്നത ഉദ്യോഗസ്ഥരെയും കൃഷി, മൃഗ സംരക്ഷണ വകുപ്പുകളെയും കൂടത്തൽ കാര്യക്ഷമമാക്കാനും താമസംവിനാ പ്രവർത്തിക്കാനും എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വെളിപെടുത്താമോ ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ